ഡാമുകൾ

1332 [2144] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ഡാമുകളിൽ മൽസ്യം വളർത്തുന്നു;

(ബി) ഓരോ ഡാമിലുമുള്ള മൽസ്യം പൊതുജനങ്ങൾക്ക് വിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം വിൽപ്പന നടത്തുന്നു;

(ഡി) മൽസ്യം വളർത്താൻ ഓരോ ഡാമിലും എന്ത് ചിലവു വരുന്നു;

(ഇ) എന്ത് വരവുണ്ട്;

(എഫ്) ഓരോ ഡാമിലും തൊഴിലെടുക്കുന്ന മൽസ്യത്തൊഴിലാളികൾ എത്രപേരുണ്ട്;

(ജി) ഇവർക്ക് എന്തെല്ലാം ആനുകൂല്യം നൽകുന്നുണ്ട്?

ഉത്തരം

(എ) മലമ്പുഴ, മംഗലം, വാളയാർ, പോത്തുണ്ടി, മീൻകര, ചുള്ളിയാർ, വാഴാനി, പീച്ചി, നെയ്യാർ എന്നീ ഒൻപത് ജലസംഭരണികളിൽ മൽസ്യം വളർത്തുന്നു.

(ബി) ഉണ്ട്.

(സി) ജലസംഭരണികളിൽനിന്നും പിടിച്ചുകൊണ്ടുവരുന്ന മൽസ്യം ഫിഷറീസ് ഓഫീസിനു സമീപംവച്ച് വിൽപ്പന നടത്തുന്നു. അധികം വരുന്ന മൽസ്യം അടുത്ത കമ്പോളത്തിൽ കൊണ്ടുപോയി വിൽക്കുന്നുമുണ്ട്.

(ഡി) മലമ്പുഴ, മംഗലം, വാളയാർ, പോത്തുണ്ടി, മീൻകര, ചുള്ളിയാർ, എന്നീ ജലസംഭരണികളിലേക്ക് 1978 ഏപ്രിൽ മുതൽ 1979 ജനുവരിവരെ 2,52,284.81 രൂപ ചെലവുണ്ടായി. വാഴാനിയിലേക്ക് 31,701 രൂപയും പീച്ചിയിലേക്ക് 31,184.50 രൂപയും നെയ്യാർ റിസർവോയറിലേക്ക് 30,790.11 രൂപയും ചെലവുണ്ടായി.

(ഇ) പാലക്കാട് ഡിസ്ട്രിക്ടിൽപെട്ട റിസർവോയറുകളിൽനിന്നും മൊത്തം 1,32,853.58 രൂപയും തൃശൂർ ഡിസ്ട്രിക്ടിൽപ്പെട്ട വാഴാനിയിൽനിന്നും 9,621.70 രൂപയും തിരുവനന്തപുരം ഡിസ്ട്രിക്ടിൽപെട്ട നെയ്യാർ റിസർവോയറിൽനിന്നും 133.20 രൂപയും വരവുണ്ടായി.

(എഫ്) ഫിഷറീസ് വകുപ്പ് ജീവനക്കാരൊഴികെ വേറെ മൽസ്യത്തൊഴിലാളികൾ ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

ഡെന്റൽ കോളേജിലെ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സ്

1333 [2150] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെന്റൽ കോളേജിൽ ഏതെല്ലാം വിഷയങ്ങൾക്ക് പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സ് നടത്തുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതിവർഷം ഈ കോഴ്സ് പഠിപ്പിക്കുന്നതിനുവേണ്ടി എത്രതുക രൂപ ഗവൺമെന്റ് ചെലവാക്കുന്നു;

(സി) കേരള സർക്കാർ പണം മുടക്കി ഈ കോഴ്സ് നടത്തുന്നതു കൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം കിട്ടുന്നുണ്ടോ എന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സ് നടത്തുന്ന ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിൽ പ്രൊഫസർമാർ ഇല്ല. ഇനി ഏതെല്ലാം ഡിപ്പാർട്ടുമെന്റിൽനിന്നും പ്രൊഫസർമാർ പുറത്തുപോകുന്നു എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) സർജറി വിഭാഗത്തിലെ പോസ്റ്റ്ഗ്രാഡുവേറ്റ് കോഴ്സ് ഒഴിച്ച് മറ്റു വിഭാഗത്തിലെ പോസ്റ്റ്ഗ്രാഡുവേറ്റ് കോഴ്സുകൾ നിർത്തൽ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഓറൽ സർജറി, പോസ്തറിക്സ്, ഓർത്തോഡോൺഷ്യ, പെരിയോഡോൺഷ്യ, ഓപ്പറേറ്റീവ് ഡന്റസ്ട്രി എന്നീ വിഷയങ്ങളിൽ ഡന്റൽ കോളേജിൽ പോസ്റ്റ്ഗ്രാഡുവേറ്റ് കോഴ്സുകൾ നടത്തുന്നുണ്ട്.

(ബി) ഏകദേശം 3 ലക്ഷം രൂപയോളം പ്രതിവർഷം ചെലവു വരുന്നുണ്ട്.

(സി) കൂടുതൽ പ്രയോജനം കേരളത്തിലെ ജനങ്ങൾക്കുതന്നെയാണ് ലഭിക്കുന്നത്.

(ഡി) ഓർത്തോഡോൺഷ്യ വിഭാഗത്തിൽ മാത്രമേ ഇപ്പോൾ പ്രൊഫസർ ഇല്ലാതുള്ളൂ. പകരം നിയമിക്കുവാൻ യോഗ്യതയുള്ള ആളുകൾ ഉണ്ടെങ്കിൽ മാത്രമേ പുറത്തുപോകുവാൻ ഡോക്ടർമാർക്ക് ഇപ്പോൾ അനുവാദം കൊടുക്കുന്നുള്ളൂ.

(ഇ) ഇല്ല.

Lecturer in Child Psychology in Trivandrum Medical College

1334 [2152] ശ്രീ എൻ. കിട്ടപ്പ നാരായണ സ്വാമി : കീഴ്കാണുന്ന വിളക്കുകൾക്കു സുകാതാര മന്ത്രി തയ്യാറാകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ താൽക്കാലികമായി Lecturer in Child Psychology എന്ന പദവിയിൽ ആരെങ്കിലും ജോലി ചെയ്തിരുന്നോ;

(ബി) ഉണ്ടെങ്കിൽ, അപ്രകാരം ജോലി ചെയ്തവർ തന്നെ നിരന്തരമാക്കണമെന്ന് എത്രപേർ അപേക്ഷ അധികാരികൾക്കു സമർപ്പിച്ചിട്ടുണ്ട്;

(സി) ഈ അപേക്ഷകൾ പരിഗണിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ, എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ;

(ഇ) ഈ തസ്തിക സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly